**Rs. 20/-**

**Keraleeyam**
2012 February

Registered KL/TCR/353/2012
Posted at Thrissur RMS/2 on 20&21/2/2012

**ആരോഗ്യമേഖലയിലെ വിദഗ്ധർ അടക്കമുള്ളവരുടെ എതിർപ്പുകളെ അവഗണിച്ചുകൊണ്ട്**
**കേരളത്തിലെയും തമിഴ്നാട്ടിലെയും അഞ്ച് വയസ്സിൽ താഴെയുള്ള മുഴുവൻ**
**കുട്ടികളിലുമായി നടത്തുന്ന മരുന്നു പരീക്ഷണം എതിർക്കപ്പെടണമെന്ന്**
**ജനകീയ മനുഷ്യാവകാശ പ്രസ്ഥാനം**

# പെന്റാവാലന്റിനെ പ്രതിരോധിക്കുക

ആരോഗ്യമേഖലയിലെ വിദഗ്ധർ അടക്കമുള്ളവരുടെ എതിർപ്പുകളെ അവഗണിച്ചുകൊണ്ട് കേരളത്തിലും തമിഴ്നാട്ടിലും അഞ്ച് വയസ്സിൽ താഴെയുള്ള മുഴുവൻ കുട്ടികളിലുമായി പെന്റവാലന്റ് എന്ന പേരിൽ ഒരു പ്രതിരോധ മരുന്ന് 2011 ഡിസംബർ 14 മുതൽ ഉപയോഗത്തിൽ വരുത്താൻ തീരുമാനിച്ചിരിക്കുകയാണ്. നമ്മുടെ കുട്ടികളുടെ മേൽ നടത്തുന്ന ഈ പ്രതിരോധ മരുന്ന് പരീക്ഷണം എന്തെന്ന് തിരിച്ചറിയുകയും ചെറുത്തുതോൽപ്പിക്കുകയും ചെയ്യേണ്ടത് ആരോഗ്യപൂർണ്ണമായ ഭാവിക്ക് അത്യന്താപേക്ഷിതമായി മാറിയിരിക്കുന്നു.

### എന്താണ് പെന്റാവാലന്റ്?

അഞ്ച് രോഗങ്ങളെ ഒരുമിച്ച് ചെറുക്കാനുള്ള വാക്സിനാണ് പെന്റാവലന്റ്. ഡിഫ്തീരിയ, പെർടുസ്സീസ്, ടെറ്റനസ്സ്(ഡി പി ടി), ഹെപ്പറ്റൈറ്റിസ് ബി, ഹീമോഫിലിസ് ഇൻഫ്ലുവൻസ ടൈപ്പ് ബി(ഹിബ്) എന്നീ അഞ്ചു രോഗങ്ങളെ ചെറുപ്രായത്തിലേ ചെറുത്തുതോൽപ്പിക്കാൻ കഴിയുമെന്നാണ് കേന്ദ്രആരോഗ്യവകുപ്പ് അവകാശപ്പെടുന്നത്. ആറാഴ്ചയ്ക്കും ഒരു വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് മൂന്ന് ഡോസ് വാക്സിൻ ആഴ്ച്ചയുടെ ഇടവേളകളിലാണ് നൽകുന്നത്. ഇന്ത്യയിൽ പൊതുപ്രതിരോധ പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ആശുപത്രികൾ മുഖേനെ ഈ വാക്സിൻ അടിച്ചേൽപ്പിക്കാൻ തുടങ്ങിയതോടെയാണ് പെന്റവലന്റ് വിവാദത്തിൽ അകപ്പെട്ടത്. പൊതുരോഗപ്രതിരോധ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡി.പി.റ്റി.യോടൊപ്പം ഹിബ്, ഹൈപ്പറ്റൈറ്റീസ്- ബി തുടങ്ങിയ രോഗങ്ങൾക്കുള്ള പ്രതിരോധ മരുന്നു കൂടി ഉൾപ്പെടുത്തിയതാണ് പെന്റവാലന്റ്.

### ഹിബ് (ഹീമോഫിലസ് ഇൻഫ്ളുവെൻസ-ബി)

ജലദോഷവും, പനിയുമാണ് സാധാരണയായി ഹിബിന്റെ ലക്ഷണങ്ങൾ. തുമ്മൽ, ശരീരവേദന, തലവേദന തുടങ്ങിയവയും കണ്ടേക്കാം. ഒന്നോ രണ്ടോ ദിവസത്തെ പൂർണ്ണ വിശ്രമവും വളരെ അപൂർവ്വമായി അശ്രദ്ധമായ കൈകാര്യം ചെയ്യൽ മൂലം രോഗാണു മസ്തിഷ്കാവരണത്തിലേക്കോ ശ്വാസകോശത്തിലേക്കോ ബാധിച്ച് മെനിഞ്ചൈറ്റിസോ ന്യൂമോണിയയോ സംഭവിക്കുന്നു. കേരളത്തിൽ ഇത്തരത്തിലുള്ള ഗുരുതരമായ രോഗബാധ അടുത്ത കാലത്ത് ഒന്നും സംഭവിച്ചിട്ടില്ലയെന്ന് ആരോഗ്യ വകുപ്പിന്റെ രേഖകൾ പരിശോധിച്ചാൽ അറിയാൻ കഴിയും. അങ്ങനെ എന്തുകൊണ്ടും അടിയന്തിര പ്രാധാന്യമോ അശ്രദ്ധയോ ആവശ്യമില്ലാത്ത ഹിബ് കൂടി ചേർത്തുകൊണ്ടുള്ള പെന്റവാലന്റിന്റെ പരീക്ഷണ പ്രയോഗമാണ് കേരളത്തിൽ ആരംഭിക്കുന്നത്.

### എന്തുകൊണ്ട് കേരളത്തിലെ കുഞ്ഞുങ്ങൾ?

രോഗബാധ വളരെ കൂടുതലുള്ള ഡൽഹിയേയും മറ്റു ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെയും ഉപേക്ഷിച്ച് കേരളത്തിനെ പരീക്ഷണ പ്രയോഗത്തിന് തെരഞ്ഞെടുത്തതിനെ നാഷണൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് ഓൺ ഇമ്യൂണൈസേഷൻ (എൻ.ടി.എ.ജി.ഐ) ന്യായീകരിക്കാൻ പറയുന്ന കാരണങ്ങൾ എന്തൊക്കെയെന്ന് നോക്കുക. 1) കേരളത്തിലെ പ്രതിരോധ മരുന്ന് ഉപഭോഗം കൂടുതലാണ്. 2) ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഇത്തരത്തിൽ ഒരു പദ്ധതി ചെലവേറിയതായിരിക്കും. 3) പാർശ്വഫല നിരീക്ഷണ സംവിധാനങ്ങൾ മികച്ചതാണ് ഇത്തരത്തിൽ മികച്ച നിരീക്ഷണ സംവിധാനവും ചിലവും കുറവും നമ്മുടെ കുട്ടികളെ പരീക്ഷണ വസ്തുവാക്കുന്നതിന് ന്യായീകരണമാണോ?

### എന്തിന് എതിർക്കണം?

ഇതിനെ നമ്മൾ ചെറുത്തു തോൽപ്പിച്ചെങ്കിൽ അണിയറയിൽ തയ്യാറാക്കുന്ന എല്ലാ അപകട മരുന്നുകളുടെയും പരീക്ഷണ പ്രയോഗം നമ്മുടെ കുട്ടികളുടെ മേൽ ആകും. പ്രതിരോധ മരുന്ന് ഉപയോഗം മൂലം സംഭവിച്ച അപകടങ്ങൾ രേഖപ്പെടുത്തുകയോ ഇരകൾക്ക് നീതി ലഭിക്കുകയോ ഉണ്ടായിട്ടില്ല. ജി.എ.വി.ഐയും ബിൽഗേറ്റ്സ് ട്രസ്റ്റിന്റെയും സമ്മർദ്ദങ്ങൾക്ക് വഴങ്ങിയാണ് ഡബ്ല്യൂ.എച്ച്.ഒ ഇത്തരത്തിൽ ഒരു നയപരമായ തീരുമാനം നടപ്പിലാക്കുന്നത്. ഏഷ്യൻ രാജ്യങ്ങളിൽ ഹിബ് പോലെയുള്ള രോഗാണുക്കളെ പ്രതിരോധിക്കാനുള്ള സ്വാഭാവിക ശേഷി താരതമ്യേന കൂടുതലാണെന്ന് ഒന്നിലധികം പഠനങ്ങൾ ഇപ്പോഴും ലഭ്യമാണ്.

### എന്താണ് പരിഹാരം?

കേരളത്തിലെ ആരോഗ്യ - സാമൂഹിക നിയമരംഗത്തെ നിസ്വാർത്ഥരെയും പരീക്ഷണത്തിന് ഇരയാക്കപ്പെടുന്നവരുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുക. സമിതിയുടെ നേതൃത്വത്തിൽ രോഗത്തെക്കുറിച്ചും മരുന്നിനെക്കുറിച്ചും വിശദമായ പഠനം നടത്തുക. രോഗം മൂലം ഗുരുതരാവസ്ഥയിൽ ആകുന്നവരുടെ എണ്ണം, മരണനിരക്ക് മരുന്നിലെ ഘടകങ്ങൾ, സുരക്ഷിതത്വം, ഫല പ്രാപ്തി നിരക്ക്, പാർശ്വഫലങ്ങൾ എന്നിവയെ ആഴത്തിൽ വിലയിരുത്തുക. പദ്ധതി നടപ്പിലാക്കുന്നതു മൂലം ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത, മരുന്ന് പ്രയോഗിക്കുന്ന കമ്പനികളുടെ പ്രവർത്തനരീതി സഹായ ഏജൻസികളുടെ നിക്ഷിപ്ത താൽപര്യങ്ങൾ എന്നിവ കൂടി വിശകലനം ചെയ്തതിന് ശേഷം മാത്രമേ തീരുമാനം നടപ്പാക്കാവൂ. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് മുമ്പ് ജനങ്ങളുടെ ആശങ്ക അകറ്റാൻ കഴിയണം. ഇത്തരത്തിൽ ഗുണവും ദോഷങ്ങളും തിരിച്ചറിഞ്ഞതിനു ശേഷം തയ്യാറാകുന്നവരിൽ മാത്രം പ്രതിരോധ മരുന്നുകൾ പ്രയോഗിക്കാൻ പാടുള്ളൂ. മരുന്നു പരീക്ഷണത്തിന് ഐ.സി.എം.ആറിന്റെ മാർഗ്ഗ നിർദ്ദേശങ്ങളെങ്കിലും പാലിക്കുക. *ബന്ധങ്ങൾക്ക്: ഡോ. പി.ജി. ഹരി, 9497644147*

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com